# കേരള സർക്കാർ


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെന്നീർക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി5-1193/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 29/10/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെന്നീർക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി5-1193/25 തീയ്യതി: 29/10/2025

**പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രഞ്ജിത്ത് കുമാർ ജി | ഡെപ്യൂട്ടി ഡയറക്ടർ | 22-09-2025 | 03-10-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-09-2025 | 03-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. അരുൺ എസ് നായർ, ഓഡിറ്റ് ഓഫീസർ (23.9.2025 മുതൽ)

ശ്രീമതി സ്മിത റ്റി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. മുഹമ്മദ് ഷാഫി വി എം, ഓഡിറ്റർ

ശ്രീമതി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോർജ്ജ് തോമസ് | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി റീണ ജോൺ | സെക്രട്ടറി | 01-04-2024 | 01-03-2025 |
| ശ്രീ. ലാൽ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-03-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ലാൽ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ. അവിനാശ് വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 08-10-2024 |
| ശ്രീമതി ലക്ഷ്മിപ്രിയ റ്റി ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 09-10-2024 | 17-01-2025 |
| ആർക്കും ചുമതല ഇല്ല | അസിസ്റ്റന്റ് എഞ്ചിനീയർ | 18-01-2025 | 26-01-2025 |
| ശ്രീ. അലൻ ബോബൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 27-01-2025 | 31-03-2025 |
| ഡോ. ബിജ്ജ എം ആർ | മെഡിക്കൽ ഓഫീസർ, കുടുംബ ആരോഗ്യ കേന്ദ്രം | 01-04-2024 | 27-02-2025 |
| ഡോ. രേണു സ്വാമിനാഥൻ | മെഡിക്കൽ ഓഫീസർ, കുടുംബ ആരോഗ്യ കേന്ദ്രം | 28-02-2025 | 31-03-2025 |
| ഡോ. രോഹിണി ആർ | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ആശുപത്രി | 01-04-2024 | 31-03-2025 |
| ഡോ. മിനി എം ആർ | മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ആശുപത്രി | 01-04-2024 | 31-03-2025 |
| ഡോ. ബിനി വി ആർ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി അൻസു അന്ന ഗീവർഗ്ഗീസ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ഷിഫ എസ് സെയിഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി സൂസമ്മ വർഗ്ഗീസ് | പ്രധാനദ്ധ്യാപിക, ജി.എൽ.പി.ജി.എസ്, പ്രക്കാനം | 01-04-2024 | 31-03-2025 |
| ശ്രീ. അപ്പൂസ് എസ് ബി | ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി രഞ്ജിനി പി കെ | ഫിഷറീസ് ഓഫീസർ | 01-04-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ അക്കൗണ്ട്സിനൊപ്പം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-3 |
| 5 | വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ തുക ക്യാപിറ്റൽ എക്സ്പൻസിൽ ഉൾപ്പെടുത്തി | 1-1-4 |
| 6 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് തുകയുടെ ആധികാരികത ബോധ്യപ്പെട്ടില്ല | 1-1-5 |
| 7 | സെക്വേർഡ് ലോൺ ബാധ്യത തുക പ്രീപെയ്ഡ് എക്സ്പെൻസസിൽ ഉൾപ്പെടുത്തിയില്ല | 1-1-6 |
| 8 | അസറ്റ് വാല്യൂ രേഖപ്പെടുത്തിയിട്ടില്ലാത്ത ഇനങ്ങൾക്ക് ഡിപ്രീസിയേഷൻ വാല്യൂ നൽകി | 1-1-7 |
| 9 | ടോട്ടൽ സാനിട്ടേഷൻ സ്കീം വരവ് തുക തെറ്റായി രേഖപ്പെടുത്തി | 1-1-8 |
| 10 | ജേണൽ എൻട്രികൾക്ക് ആധികാരികതയില്ല | 1-1-9 |
| 11 | ധനകാര്യ കമ്മിഷൻ അവാർഡ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ബഡ്ജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | അൺഎയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 1-11 |
| 22 | വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 1-12 |
| 23 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ - ബൈലോ തയ്യാറാക്കിയിട്ടില്ല | 1-13 |
| 24 | ധാതു ഗതാഗത പെർമിറ്റ് - തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-14 |
| 25 | വെട്ടിമാറ്റിയ മരങ്ങൾ ലേലം ചെയ്ത് മുതൽകൂട്ടേണ്ടതാണ് | 1-15 |
| 26 | മുൻ വർഷത്തെ വാടക കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-16 |
| 27 | വസ്തുനികുതി പരിഷ്കരണം പൂർത്തിയായില്ല | 1-17 |
| 28 | പുനരധിവാസം കോളനി സ്റ്റെപ്പ് നിർമ്മാണം - പ്രവൃത്തി ഉപേക്ഷിച്ച നിലയിൽ | 1-18 |
| 29 | അധികമായി സ്കോളർഷിപ്പ് നൽകിയത് തിരികെ ഈടാക്കണം | 1-19 |
| 30 | മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല | 1-20 |
| 31 | എസ്.എസ്.എ പദ്ധതി അപാകതകൾ | 1-21 |
| 32 | മരാമത്ത് പ്രവൃത്തിയിൽ കാലതാമസം - ഫൈൻ ഈടാക്കിയില്ല | 1-22 |
| 33 | കരാർ വച്ച പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല | 1-23 |
| 34 | നെൽ കൃഷി വികസനം- നടപടിക്രമങ്ങൾ പാലിച്ചില്ല | 1-24 |
| 35 | വായ്പയിനത്തിൽ പഞ്ചായത്ത് അധിക തുക ഒടുക്ക് വരുത്തി | 1-25 |
| 36 | കേന്ദ്ര വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നില്ല | 1-26 |
| 37 | ആയുർവേദ ആശുപത്രിക്ക് മരുന്ന് പൂർണ്ണമായും ലഭിച്ചില്ല | 1-27 |
| 38 | പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC) യോഗം ചേർന്നില്ല | 1-28 |

| | | |
|---|---|---|
| 39 | സ്പെസിഫിക് പർപസ് ഫണ്ടുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു | 1-29 |
| 40 | ജലജീവൻ പദ്ധതി | 1-30 |
| 41 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം | 1-31 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

| | | |
|---|---|---|
| 1 | അധികമായി സ്കോളർഷിപ്പ് നൽകിയത് തിരികെ ഈടാക്കണം | 3-1 |

**ഭാഗം 4**

| | | |
|---|---|---|
| 1 | മെഡിസെപ്പ് വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |

**അനുബന്ധം**

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും, 31/03/2025 തീയതിയിലെ ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും, ഭരണസമിതിയുടെ 10/07/2025 തീയതിയിലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 18/07/2025-ൽ എയിംസിലൂടെ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും, ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കേണ്ടത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി.&എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ടെന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടുകൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2025-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
29/10/2025

#### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള പത്രികകൾ അക്കൗണ്ട്സിനൊപ്പം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 62 പ്രകാരമുള്ള അടിസ്ഥാന അനുപാത കണക്ക് (Ratios), സെക്രട്ടറിയുടെ കുറിപ്പുകൾ (Notes On Accounts) എന്നിവ തയ്യാറാക്കി വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. 2024 ഏപ്രിൽ 1 ന് പകരം ഡിമാന്റുകൾ, 16 ഡിസംബർ 2024, 31 മാർച്ച് 2025 തീയതികളിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-3 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല. വിവിധ ഗ്രാന്റുകൾ വിനിയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചതിന് ചെലവായ തുകയ്ക്ക് ആനുപാതികമായ തുക ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റിയില്ല. ക്യാപിറ്റൽ കോൺട്രിബ്യൂഷൻ മുൻവർഷത്തെ ബാലൻസാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-4 വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ തുക ക്യാപിറ്റൽ എക്സ്പൻസിൽ ഉൾപ്പെടുത്തി

B-18 Advance To Implementing Agency-2977998 രൂപ കെ.എസ്.സി.ബി-യിൽ നിക്ഷേപിച്ചുവെങ്കിലും തൻവർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. എന്നാൽ B-11 Capital Expense-ലേക്ക് ഈ തുക മുഴുവൻ ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു.

### 1-1-5 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് തുകയുടെ ആധികാരികത ബോധ്യപ്പെട്ടില്ല

ഷെഡ്യൂൾ B 11(b): Capital Work In Progress- ആസ്തികളുടെ നിർമാണത്തിന് ഉപയോഗിച്ചതും പ്രവൃത്തി പൂർത്തിയാകാത്തതുമായ തുകയായി അക്കൗണ്ട് ചെയ്തിരിക്കുന്ന തുക (524165) യുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

### 1-1-6 സെക്യേർഡ് ലോൺ ബാധ്യത തുക പ്രീപെയ്ഡ് എക്സ്പെൻസസിൽ ഉൾപ്പെടുത്തിയില്ല

HUDCO, KURDFC വായ്പകളിലായി അവശേഷിക്കുന്ന ബാധ്യത (B5) സെക്യേർഡ് ലോൺ എന്ന ശീർഷകത്തിൽ തുക 3133481 ആണെങ്കിലും പ്രീപെയ്ഡ് എക്സ്പെൻസസ് എന്ന ഹെഡിൽ(B-16) തുക രേഖപ്പെടുത്തിയിട്ടില്ല. ലോൺ, അഡ്വാൻസസ്, ആന്റ് ഡെപോസിറ്റ് (B-18) എന്ന ഹെഡിലും ലോണിൽ നിന്നുള്ള ചെലവിന്റെ ബാക്കി സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടില്ല.

### 1-1-7 അസറ്റ് വാല്യൂ രേഖപ്പെടുത്തിയിട്ടില്ലാത്ത ഇനങ്ങൾക്ക് ഡിപ്രിസിയേഷൻ വാല്യൂ നൽകി

ഫിക്സഡ് അസറ്റ് ഹെഡിൽ, അദർ ഫിക്സഡ് അസറ്റ് എന്ന ഇനം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഷെഡ്യൂൾ I-17 ഡിപ്രിസിയേഷനിൽ, അദർ ഫിക്സഡ് അസറ്റ് എന്ന ഇനത്തിന് ഡിപ്രിസിയേഷൻ വാല്യൂ രേഖപ്പെടുത്തിയിട്ടുള്ളത് കൂടാതെ അസറ്റ് ഹെഡിൽ വാല്യൂ രേഖപ്പെടുത്തിയിട്ടില്ലാത്ത വാട്ടർവേയ്സ് എന്ന ഇനത്തിനും ഡിപ്രിസിയേഷൻ വാല്യൂ രേഖപ്പെടുത്തിയിട്ടുണ്ട്.

### 1-1-8 ടോട്ടൽ സാനിട്ടേഷൻ സ്കീം വരവ് തുക തെറ്റായി രേഖപ്പെടുത്തി

വാർഷിക കണക്കിൽ RP-30 യിൽ ടോട്ടൽ സാനിട്ടേഷൻ സ്കീം വരവ് തുക (156000) ചേർത്തിരിക്കുന്നത് തെറ്റാണ്.

### 1-1-9 ജേണൽ എൻട്രികൾക്ക് ആധികാരികതയില്ല

ജേണലുകൾ വഴി രേഖപ്പെടുത്തുന്ന എൻട്രികൾക്ക് ആധികാരികതയില്ല. അംഗീകൃത വൗച്ചറുകളോ രേഖകളോ സൂക്ഷിച്ചിട്ടില്ല.

### 1-1-10 ധനകാര്യ കമ്മീഷൻ അവാർഡ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

സി.എഫ്.സി ടൈഡ്, സി.എഫ്.സി ബേസിക് ഗ്രാന്റ് സ്റ്റേറ്റ്മെന്റിലേയും, സുലേഖയിലെയും വരവ് - ചെലവ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബഡ്ജറ്റ്

ഗ്രാമപഞ്ചായത്തിന്റെ ബഡ്ജറ്റ് 8.2.2024-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 5.3.2025-ലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| *ഇനം* | *പ്രതീക്ഷിച്ചത്* | | *യഥാർത്ഥത്തിലുള്ളത്* | |
|---|---|---|---|---|
| | പഴയത് | പുതുക്കിയത് | റസീപ്റ്റ് & പേയ്മെന്റ് | ഇൻകം & എക്സ്പെൻഡീച്ചർ |
| മുന്നിരിപ്പ് | 8203613 | 1500917 | 20163878 | |

| | | | | |
|---|---|---|---|---|
| വരവ് | 239628960 | 250785171 | 44241510 | 137043735 |
| ആകെ | 247832573 | 265792188 | 64405388 | |
| ചെലവ് | 244007050 | 257159271 | 44121194 | 136591406 |
| നീക്കിയിരിപ്പ് | 3825253 | 8632917 | 20284194 | |

## 1-3 സാമ്പത്തിക വിശകലനം

| | റസീപ്റ്റ് & പേയ്മെന്റ് | ഇൻകം & എക്സ്പെൻഡീച്ചർ |
|---|---|---|
| മുന്നിരിപ്പ് | 20163878 | |
| വരവ് | 44241510 | 137043735 |
| ആകെ | 64405388 | |
| ചെലവ് | 44121194 | 136591406 |
| നീക്കിയിരിപ്പ് | 20284194 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നിക്കിയിരിപ്പ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ * | -- | 11937000 | 11937000 | 11937000 | -- | -- |
| വികസന ഫണ്ട്-എസ്.സി.പി* | -- | 10898000 | 10898000 | 9258133 | -- | 1639867 |
| വികസന ഫണ്ട്-റ്റി.എസ്.പി | Xx | Xx | Xx | Xx | Xx | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ബാങ്ക് | 3299011 | 4576500 | 7875511 | 1665844 | 6209667 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്/ബേസിക്)-ബാങ്ക് | 1215711 | 2228525 | 3444236 | 2317343 | 1126893 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി) | 0 | 1363661 | 1363661 | 603797 | -- | 811245 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | -- | 27391000 | 27391000 | 18497088 | -- | 8893912 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ -റോഡ് | -- | 10966000 | 10966000 | 4673321 | -- | 6292679 |
| **സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | | |
| ഹെൽത്ത് ഗ്രാന്റ് 1 | 680582 | 344826 | 1025408 | 638015 | 387393 | - |
| ഹെൽത്ത് ഗ്രാന്റ് 2 | 342459 | 542266 | 884725 | 327664 | 557061 | - |
| ഐ.സി.ഡി.എസ്. | 3461235 | 1526728 | 4987963 | 633082 | 4354881 | - |
| എൻ.ആർ.ഇ.ജി.എസ് | 5119* | 980191 | 985310 | 985310 | 0 | - |
| ശുചിത്വ മിഷൻ | 444398 (PBIG) | -- | 444398 | 444398 | 0 | - |
| | 122507 (SBM) | -- | 122507 | 12000 | 2507 | - |
| സ്വച്ഛ് ഭാരത് അഭിയാൻ | 0 | 361364 | 361364 | 361364 | 0 | |
| സാക്ഷരത | 13836 | 377 | 14213 | -- | 14213 | - |
| ലൈഫ് ഭവന പദ്ധതി-സംസ്ഥാന വിഹിതം | 1860000 | 300000 | 2160000 | 1740000 | 420000 | - |
| ഹെൽത്ത് മിഷൻ | 500000 | -- | 500000 | 0 | 500000 | -- |
| അവാർഡ് തുക (ആർദ്രം മിഷൻ) | 1057975 | 0 | 1057975 | 0 | 1057975 | - |

*ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ ചെലവിനത്തിൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് ഭവന പദ്ധതി

വായ്പാ തിരിച്ചടവ് എന്നിങ്ങനെ സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക ഉൾപ്പെടുത്തിയിരുന്നെങ്കിലും വരവിനങ്ങളിൽ ഉൾപ്പെടുത്തിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | സോഴ്സ് ഡിഡക്ഷൻ നടത്തിയ ഇനം | തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 759503 |
| ,, | അങ്കണവാടി അധിക വേതനം | 919800 |
| | **ആകെ** | **1679303** |
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് | | 10257697 |
| യഥാർത്ഥ വരവ് | 10257697+1679303 | **11937000** |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 154422 |
| | **ആകെ** | **154422** |
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് | | 10743578 |
| യഥാർത്ഥ വരവ് | 10743578+154422 | **10898000** |

ജനറൽ പർപ്പസ് ഗ്രാന്റ് തൻവർഷം 12 ഗഡുക്കളായി 13309517 രൂപയും ഗ്യാപ് ഫണ്ട് 13813 രൂപയും ചേർത്ത് ആകെ 13309517 രൂപ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് അംഗീകാരം ലഭിച്ച 273 പ്രോജക്ടുകളിൽ 190 എണ്ണം നടപ്പിലാക്കി (69.6%). വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വകയിരുത്തലും ചെലവ് സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു-

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകളുടെ എണ്ണം | | | വകയിരുത്തിയ തുക | നിർവ്വഹിച്ച പ്രോജക്ടുകളുടെ എണ്ണം | | | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|
| | പുതിയത് | സ്പിൽ ഓവർ | ആകെ | | പുതിയത് | സ്പിൽ ഓവർ | ആകെ | | |
| സെക്രട്ടറി | 18 | 4 | 22 | 9987735 | 13 | 4 | 17 | 5093859 | 51.00 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 3 | 12 | 2408102 | 7 | 3 | 10 | 1052145 | 43.69 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 65 | 85 | 150 | 51631913 | 22 | 68 | 90 | 27154217 | 52.59 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 9 | 4 | 13 | 3512697 | 5 | 3 | 8 | 1471290 | 41.88 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 7 | 4 | 11 | 44530000 | 7 | 4 | 11 | 16584823 | 37.24 |
| കൃഷി ഓഫീസർ | 8 | 5 | 13 | 6065128 | 6 | 5 | 11 | 3193055 | 52.65 |
| വെറ്ററിനറി സർജൻ | 5 | 2 | 7 | 1601500 | 5 | 2 | 7 | 1331500 | 83.14 |
| മെഡിക്കൽ ഓഫീസർ, കുടുംബ ആരോഗ്യ കേന്ദ്രം | 12 | 3 | 15 | 5383187 | 6 | 3 | 9 | 3776722 | 70.16 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം ആശുപത്രി | 4 | 0 | 4 | 588000 | 4 | 0 | 4 | 564000 | 95.91 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, ഹോമിയോ ആശുപത്രി | 2 | 0 | 2 | 220000 | 2 | 0 | 2 | 219583 | 99.81 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 2 | 11 | 4618750 | 8 | 2 | 10 | 3059025 | 66.23 |
| എച്ച്.എം, ഗവ. എൽ.പി.ജി.എസ്, പ്രക്കാനം | 6 | 0 | 6 | 1540000 | 6 | 0 | 6 | 1409351 | 91.52 |
| ഡെയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 4 | 932623 | 2 | 2 | 4 | 926941 | 99.39 |
| ഫിഷറീസ് ഓഫീസർ | 3 | 0 | 3 | 240000 | 1 | 0 | 1 | 30000 | 12.5 |
| **ആകെ** | **159** | **114** | **273** | **133259635** | **94** | **96** | **190** | **65866511** | **49.42** |

മേഖല തിരിച്ചുള്ള ചെലവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| **പൊതുവിഭാഗം** | | | | | |
| ഉല്പാദനം | 25 | 21 | 8774251 | 5416496 | 61.73 |
| സേവനം | 92 | 70 | 49811096 | 23421944 | 47.02 |
| പശ്ചാത്തലം | 125 | 72 | 43653047 | 24052515 | 55.09 |
| **പട്ടികജാതി വിഭാഗം** | | | | | |
| ഉല്പാദനം | 2 | 1 | 280000 | 30000 | 10.71 |
| സേവനം | 15 | 14 | 27529124 | 10598392 | 38.49 |
| പശ്ചാത്തലം | 13 | 12 | 3212117 | 2347164 | 73.07 |
| **ആകെ** | **273** | **190** | **133259635** | **65866511** | **49.42** |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു-

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് | 5119 | ശമ്പളവും ആനുകൂല്യങ്ങളും | 1020500 |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 974822 | പ്രിന്റിംഗ് & സ്റ്റേഷനറി | 4765 |
| പലിശ വരവ് | 4706 | പരസ്യം നൽകിയതിന്റെ ചെലവ് | 11650 |
| തൊഴിലാളികൾക്കുള്ള വേതനം | 12424242 | തൊഴിലാളികൾക്കുള്ള വേതനം | 12424242 |
| മെറ്റീരിയൽ | 2060000 | മെറ്റീരിയൽ | 2060000 |
| പഞ്ചായത്ത് തനത്ഫണ്ടിൽ നിന്ന് മുൻകൂർ | 1036915 | പഞ്ചായത്ത് തനത്ഫണ്ടിൽ നിന്ന് മുൻകൂർ തിരിച്ചടവ് | 984647 |
| | | നീക്കിയിരിപ്പ് | 0 |
| **ആകെ** | **16505804** | **ആകെ** | **16505804** |

## 1-7 ക്ഷേമ പദ്ധതികൾ

| *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവ് തുക* |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1980 | 28700700 |
| വിധവാ പെൻഷൻ | 637 | 9809700 |

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 228 | 3830000 |
| മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 186 | 2960000 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 19 | 281200 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.9.25-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാനിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 42082 (നാല്പത്തിരണ്ടായിരത്തി എൺപത്തി രണ്ട്) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും മിനിട്ട്സ് സകർമ്മ ഓൺലൈൻ പോർട്ടൽ ഉപയോഗിച്ചാണ് രേഖപ്പെടുത്തുന്നത്.

പദ്ധതി ചെലവ് ശതമാനം കേവലം 50 ശതമാനമാണ്. അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് സെക്രട്ടറി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ ചെലവ് ശതമാനം വളരെ കുറവാണ്. മരാമത്ത് പ്രവൃത്തികൾ വിവിധ കാരണങ്ങളാൽ പരമാവധി നീട്ടി മാർച്ച് മാസത്തിൽ നടത്തുന്ന പ്രവണത നിരുത്സാഹപ്പെടുത്തണം. തനത് ഫണ്ട് കുറവുള്ള പഞ്ചായത്തിൽ പുതിയ വരുമാന മാർഗ്ഗം കണ്ടെത്താൻ നടപടികൾ സ്വീകരിക്കുന്നില്ല.

വാഹനത്തിന്റെ ലോഗ് ബുക്കിൽ വാഹനത്തിൽ നിറച്ച ഇന്ധനത്തിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് വിവരങ്ങൾ ഉൾപ്പെടുത്തി പ്രതിമാസ സംക്ഷിപ്തം രേഖപ്പെടുത്തുന്നതിന് നിർദേശം നൽകേണ്ടതാണ്. കൂടാതെ കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക് പരിശോധിച്ച് ഇവ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.6.2018 മുതൽ 25.6.2018 വരെ | 2013-14 മുതൽ 2017-18 വരെ | 27.7.2018 |
| പെർഫോമൻസ് ഓഡിറ്റ് | 7.7.2022 മുതൽ 8.7.2022 വരെ | 4/2021 മുതൽ 3/2022 വരെ | 30.1.2013 |

## 1-11 അൺഎയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

2023-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് തീയതി 27.03.2023 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിയുടെ ഭാഗമായി ഹയർ സെക്കന്ററി തലംവരെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തു നികുതിയിൽ ഉണ്ടായിരുന്ന ഇളവ് സർക്കാർ, എയിഡഡ് സ്കൂളുകൾക്ക് മാത്രമാക്കിയിട്ടുണ്ട്. കൂടാതെ വകുപ്പ് 207 (ബിഎ) എന്ന ഭാഗം ഒഴിവാക്കിയിട്ടുണ്ട്. ഇത് പ്രകാരം സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂളുകൾക്ക് 2023 ഏപ്രിൽ 1 മുതൽ വസ്തു നികുതി ബാധകമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചുവടെ ചേർക്കുന്ന സ്കൂളുകളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്കൂളിന്റെ പേര് | കെട്ടിട നം. |
|---|---|---|
| 1 | മോറൻ ഏലിയാസ് യു.പി സ്കൂൾ, മഞ്ഞനിക്കര | 8/276 |
| 2 | എസ്.എൻ പബ്ലിക് സ്കൂൾ, ചെന്നീർക്കര | 12/346 B |

മേൽ ചേർത്തിട്ടുള്ള സ്കൂളുകളിൽ നിന്നും കെട്ടിട നികുതി നിർണ്ണയിച്ച് ഈടാക്കാഞ്ഞത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (12/27.09.2025) മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി അടിയന്തരമായി നിർണ്ണയിച്ച് കുടിശ്ശികയുൾപ്പടെയുള്ള തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 വസ്തു നികതി നിർണ്ണയിച്ചതിൽ കുറവ്

ചെന്നീർക്കര വില്ലേജിൽ റീ സർവ്വേ നം. 405/4-1,405/4-4-ലുള്ള 931 ച.മീ. പ്ലോട്ടിൽ 357.18ച.മീ. വിസ്തീർണ്ണമുള്ള റെസിഡൻഷ്യൽ കം കൊമേഷ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ സേതുനാഥ്, പ്രണവം, പ്രക്കാനം എന്നയാൾക്ക് 25.06.2020-ൽ സി1-121/2020 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയിന്റെ അടിസ്ഥാനത്തിൽ 01.11.2024-ൽ ഒക്യുപ്പൻസി അനുവദിച്ച് 5/544, 5/545, 5/546 എന്നീ കെട്ടിട നമ്പറുകൾ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 5-ാം വാർഡിൽ ഇലന്തൂർ-ഓമല്ലൂർ Pwd റോഡ് അതിരിലാണ് ടി കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നത്. ടി റോഡിന്റെ വീതി 13 മീറ്ററാണെന്ന് കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. '5 മീറ്ററോ അതിൽ കൂടുതലോ, വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള ടി കെട്ടിടങ്ങൾക്ക് വസ്തുനികതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ റോഡിന്റെ തരം ' 1.5മീറ്ററിൽ കൂടുതൽ ' എന്ന് രേഖപ്പെടുത്തിയാണ് നികതി നിർണ്ണയിച്ചിട്ടുള്ളത്. തൻമൂലം അടിസ്ഥാന വസ്തുനികതിയിൽ വരുത്തേണ്ടതായിരുന്ന 20% വർദ്ധനവിൽ നിന്ന് ടി കെട്ടിടങ്ങൾ ഒഴിവാകുകയും അനർഹമായ ഇളവ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. വസ്തുനികതി നിർണ്ണയിച്ചതിലെ അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.11/27.09.2025) അപാകത പരിഹരിക്കുന്നതിന് നിലവിൽ കെ-സ്മാർട്ടിൽ ഓപ്ഷൻ ഇല്ലാത്തതും ഡേറ്റാ കറക്ഷൻ എനേബിൾ ആകുന്ന മുറയ്ക്ക് ഈ കെട്ടിടത്തിന്റെ നികതി പുതുക്കി നിശ്ചയിച്ച് ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികതി പുനർനിർണ്ണയിച്ച്, കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ - ബൈലോ തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായ കമ്മ്യൂണിറ്റി ഹാളിന്റെ വാടക പിരിവ് സംബന്ധിച്ച നിബന്ധനകൾ, ഇളവ് നല്കേണ്ട സാഹചര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. വാടക ഇളവ് നല്കേണ്ടത് സംബന്ധിച്ച് ഏകീകൃത വ്യവസ്ഥ നിലവിലില്ല. തൻ വർഷം കമ്മ്യൂണിറ്റി ഹാളിന്റെ വാടക ഇനത്തിൽ 5250 രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ ഏകീകൃത വ്യവസ്ഥ നിലവില്ലാത്തതിനാൽ പരിപാടികൾക്ക് വാടക ഇളവ് നല്കിയിട്ടുമുണ്ട്. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നടത്തിപ്പിനായുള്ള ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14 ധാതു ഗതാഗത പെർമിറ്റ് - തുടർനടപടികൾ സ്വീകരിക്കുന്നില്ല

2023-ലെ കേരള മൈനർ മിനറൽ കൺസെഷൻ (ഭേദഗതി) ചട്ടങ്ങൾ പ്രകാരം ഗ്രാമപ്പഞ്ചായത്തിൽനിന്ന് മൂവ്മെന്റ് പെർമിറ്റും മിനറൽ ട്രാൻസിറ്റ് പാസ്സും എടുക്കുന്ന വ്യക്തികൾ പെർമിറ്റ് തീയതിക്കുശേഷം ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ ബേസ് മെന്റ് നിർമ്മിക്കാത്ത പക്ഷം, അവർ റോയൽറ്റിയായി അടച്ച തുകയുടെ അഞ്ചിരട്ടിത്തുക പിഴയായി ഈടാക്കേണ്ടതാണെന്ന് ചട്ടം 14(7) നിഷ്കർഷിക്കുന്നു. ഇതു കൂടാതെ, പെർമിറ്റഡ് ഏരിയയിൽ അധികമായോ, പെർമിറ്റിൽ പറഞ്ഞിട്ടുള്ള അളവിൽ അധികമായോ മണ്ണ് നീക്കം ചെയ്താലും ചട്ടം 14(8) പ്രകാരം ഇവർ മേൽപ്പറഞ്ഞ പിഴ അടയ്ക്കാൻ ബാദ്ധ്യസ്ഥരാണ്.

രജിസ്റ്റർ പരിശോധിച്ചതിൽ, ചട്ടം നിലവിൽവന്നതിനുശേഷം ഗ്രാമപ്പഞ്ചായത്തിൽനിന്ന് മൂവ്മെന്റ് പെർമിറ്റും മിനറൽ ട്രാൻസിറ്റ് പാസ്സും നൽകിയിട്ടുള്ള 8 പേരുടെ പെർമിറ്റ് കാലാവധി കഴിഞ്ഞതായി കാണുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | മൂവ്മെന്റ് പെർമിറ്റ് നമ്പർ, തീയതി |
|---|---|---|
| 1 | രാധാകൃഷ്ണൻ നായർ, ബിന്ദു ജി.കെ, കൃഷ്ണേന്ദു | C1.2243/2023, 05.08.2023 |
| 2 | ക്ലീറ്റസ് ആന്റണി | C1.4401/2023, 29.12.2023 |
| 3 | മനോജ് നെല്ലിക്കാട്ടിൽ പാപ്പി, റെനിൽ കെ തോമസ് | C1.2938/2023, 03.01.2024 |
| 4 | ഓമനക്കുട്ടൻ നായർ | C1.4507/2023, 03.01.2024 |
| 5 | നിതിൻ ഷാജി | C1.4279/2024, 01.02.2024 |
| 6 | തോമസ് പി.ജെ. | C1.666/2024, 15.04.2024 |
| 7 | മോൻസി വർഗീസ് | C1.1608/2024, 30.04.2024 |
| 8 | ക്ലമന്റ് മാത്യു, സിറിൽ മാത്യു | C1.3557/2024, 27.09.2024 |
| 9 | ആര്യമോൾ എസ്.ഡി | C1.1547/2024, 09.05.2024 |

ഒരു വർഷത്തിനുള്ളിൽ ബേസ്മെന്റ് പണി പൂർത്തീകരിച്ചതിന്റെ വിവരവും, ചട്ടം ലംഘിച്ചവരിൽനിന്ന് പിഴ ഈടാക്കിയതിന്റെ വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പെർമിറ്റെടുത്ത വ്യക്തികൾ നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ ചട്ടപ്രകാരമുള്ള നിർമ്മാണ പ്രവർത്തനം നടത്തുന്നുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (10/25.09.2025) മറുപടി ലഭിച്ചില്ല. 29.09.2025-ന് അസിസ്റ്റന്റ് എഞ്ചിനീയറോടൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ ക്രമ നമ്പർ 5 പ്രകാരമുള്ള വ്യക്തി കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല എന്ന് കണ്ടെത്തി. പഞ്ചായത്ത് നിന്ന് പെർമിറ്റ് നൽകിയിട്ടുള്ളവർ നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ ചട്ടപ്രകാരമുള്ള നിർമ്മാണ പ്രവർത്തനം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതും, സമയപരിധി പാലിക്കാത്തവർക്കെതിരെ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15 വെട്ടിമാറ്റിയ മരങ്ങൾ ലേലം ചെയ്ത് മുതൽക്കൂട്ടേണ്ടതാണ്

ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ 9-ാം വാർഡിൽ, ഏറത്തുമ്പമൺ ഗവ.യു.പി.സ്കൂൾ മുറ്റത്ത്, കുട്ടികൾക്കും സ്കൂൾ കെട്ടിടത്തിനും ഭീഷണിയായി നിന്നതിനാൽ മുറിച്ചിട്ട മാവ്, നീർമരുത് മരങ്ങൾ ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടില്ല. ടി മരങ്ങൾക്ക് സോഷ്യൽ ഫോറസ്ട്രിയിൽ നിന്നും വില നിർണ്ണയിച്ച് (30366+18% GST+ 5%FDT) ലഭ്യമാക്കിയതിനെ തുടർന്ന് ലേലം, പുനർലേലം എന്നിവ നടത്തിയെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. പഞ്ചായത്ത് ഭരണസമിതിയുടെ 05.08.2024-ലെ 4(1)-ാം നമ്പർ തീരുമാന പ്രകാരം ക്വട്ടേഷനും 29.08.2024-ലെ 7(1)-ാം നമ്പർ തീരുമാന പ്രകാരം പുനർക്വട്ടേഷനും ക്ഷണിച്ചിരുന്നെങ്കിലും ആരും പങ്കെടുത്തില്ല. മേൽ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടിയുടെ വിവിരം അറിയിക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടി മരങ്ങളുടെ വില പുനർ നിർണ്ണയിച്ച് നല്കുന്നതിന് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസർക്ക് 12.12.2024 തീയതിയിൽ കത്ത് നല്കിയിരുന്നെങ്കിലും നാളിതുവരെ വില പുനർനിർണ്ണയിച്ച് നല്കിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ സോഷ്യൽ ഫോറസ്ട്രിയുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കേണ്ടതും മരങ്ങൾ എത്രയും പെട്ടെന്ന് തന്നെ ലേലം ചെയ്ത് തുക തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 മുൻ വർഷത്തെ വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ മുൻ വർഷത്തെ വാടക കുടിശ്ശികയിനത്തിൽ 13911 രൂപ പിരിച്ചെടുക്കാനവശേഷിക്കുന്നു. കുടിശ്ശിക സംബന്ധിച്ച വിശദാംശങ്ങളും കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (13/27.09.2025) നല്കിയിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വാടകക്കാരന്റെ പേര് | വാടക തുക | വാടക ഈടാക്കിയത് | അവശേഷിക്കുന്നത് |
|---|---|---|---|---|
| 3/450 | സുമ, പറപ്പള്ളിൽ, പ്രക്കാനം | 49411 | 35500 | 13911 |

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പ്രക്കാനം ഷോപ്പിംഗ് കോംപ്ലക്സിലെ 3-ാം നമ്പർ കടമുറിയുടെ 2023-24 വർഷത്തെ വാടക കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ച് വരികയാണെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക ഇനത്തിൽ അവശേഷിക്കുന്ന തുക കൂടി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 വസ്തുനികുതി പരിഷ്കരണം പൂർത്തിയായില്ല

സ.ഉ.(കൈ) 77/2023/ത.സ്വ.ഭ.വ തീയതി 22.3.2023 പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ മാറ്റം വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതും ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി നിർണ്ണയിക്കേണ്ടതുണ്ട്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ, ഐ.ടി.ഐ യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണ്. ഇപ്രകാരം മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവര ശേഖരണം പൂർത്തിയാക്കി വസ്തു നികുതി സഞ്ചയയിൽ പരിഷ്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (06/24.09.2025) നല്കിയിരുന്നു. കെട്ടിടങ്ങളുടെ വിവര ശേഖരണത്തിനായി 4 പേരെ നിയമിച്ചിരുന്നെങ്കിലും നാളിതുവരെ വിവരം ശേഖരിച്ച് ലഭ്യമാക്കിയിട്ടില്ലാത്തതും ടിയാളുകൾ ജോലിയിൽ തുടർന്ന് വരുന്നില്ലാത്തതിനാലും വിവര ശേഖരണം പൂർത്തിയായിട്ടില്ലെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വേതന നിരക്ക് നിശ്ചയിച്ചുകൊണ്ടുള്ള പഞ്ചായത്ത് ഭരണസമിതിയുടെ 24.05.2025-ലെ 7(1)-ാം നമ്പർ തീരുമാന പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-18 പുനരധിവാസം കോളനി സ്റ്റെപ്പ് നിർമ്മാണം - പ്രവൃത്തി ഉപേക്ഷിച്ച നിലയിൽ

2022-23 സാമ്പത്തിക വർഷം ടെണ്ടർ ചെയ്ത് 10.01.2023-ന് കരാർ വച്ച പുനരധിവാസ കോളനി സ്റ്റെപ്പ് നിർമ്മാണം എന്ന പ്രവൃത്തി നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. പ്രവൃത്തിയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു. കരാറുകാരൻ പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുകയോ, സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുകയോ ചെയ്തിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | S0153/25 (S0168/23) |
| പ്രോജക്റ്റിന്റെ പേര് | പുനരധിവാസ കോളനി സ്റ്റെപ്പ് നിർമ്മാണം |

| | |
|---|---|
| അടങ്കൽ | 300000<br>(100000-മെയിന്റനൻസ് ഫണ്ട് റോഡ്, 200000-എസ്.സി.പി) |
| പി.എ.സി | 241761 |
| ചെലവ് | 143092 |
| ബിൽ നം./തീയതി, തുക | 37/09.05.2024, 50209<br>119/17.11.2023, 92883 |
| കരാർ നം., തീയതി | 32/AE/LID&EW/CHKA, തീയതി 10.01.2023 |
| കരാറുകാരൻ | ശ്രീ. സജി മാത്യു |
| പ്രവൃത്തി പൂർത്തീകരണ കാലയളവ് | 6 മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 20.01.2023 |

29.09.2025-ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രവൃത്തി പൂർണ്ണമായിട്ടില്ല എന്നും, നിലവിൽ അവിടെ പണികളൊന്നും നടക്കുന്നില്ല എന്നും ബോദ്ധ്യപ്പെട്ടു. പ്രവൃത്തി പൂർത്തിയാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/29.09.2025) മറുപടി ലഭ്യമായില്ല. കരാർ നിബന്ധനകൾ പാലിക്കാത്ത കരാറുകാരനെതിരെ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. പണി പൂർത്തിയാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-19 അധികമായി സ്കോളർഷിപ്പ് നൽകിയത് തിരികെ ഈടാക്കണം

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് (73/25) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| വകയിരുത്തൽ | 661500 (വികസന ഫണ്ട്- ജനറൽ)<br>297750 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>297750 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>661500+100000+297750 = 1059250 |
| ചെലവ് | ട്രഷറി ബിൽ നം. 2405025201480101 8059/11.12.2024 - 362000<br>ട്രഷറി ബിൽ നം. 240502520148010936 86/27.12.2024 - 233500<br>ട്രഷറി ബിൽ നം. 240502520148011527 24/9.1.2025 – 100000<br>ട്രഷറി ബിൽ നം. 240502520148013414 85/17.2.2025 – 297750<br>ട്രഷറി ബിൽ നം. 240502520148014604 01/7.3.2025 - 66000 |

സ.ഉ (കൈ.) 115/2022/ത.സ്വ.ഭ.വ തീയതി 28.5.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.16 (ബി) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്/ബത്തയുടെ നിരക്ക് ചുവടെ പറയും വിധത്തിലാണ്-

| ക്രമ നം. | ഇനം | നിരക്ക് |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 1500 |
| 3 | പഠനസഹായി/ വിദ്യാഭ്യാസ സാമഗ്രികൾ (വാർഷികം) | 2000 |
| 4 | ഡേ സ്കോളർക്ക് യാത്രാബത്ത (പ്രതിമാസം) | 1000 |
| 5 | ഉല്ലാസയാത്ര പഠന പര്യടനം മുതലായവയ്ക്കുള്ള ബത്ത (വാർഷികം) | 1000 |

മേൽ പട്ടിക പ്രകാരം ഒരു ഡേ സ്കോളറിന് ഒരു വർഷം പരമാവധി ലഭിക്കാവുന്ന തുക 28500 രൂപയാണ്. എന്നാൽ, കെവിൻ ഇസഡ് കര്യാക്കോസ് എന്ന വിദ്യാർത്ഥിക്ക് അധികം തുക നൽകിയിട്ടുണ്ട്. ടിയാൾക്ക് നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു-

| ട്രഷറി ബിൽ നം. | തുക |
|---|---|
| 24050252014801093686/27.12.2024 | 9500 |
| 24050252014801152724/9.1.2025 | 4000 |
| 24050252014801341485/17.2.2025 | 3250 |
| 24050252014801460401/7.3.2025 | 15000 |
| ആകെ നൽകിയത് | **31750** |

അധികമായി 3250 രൂപ നൽകിയതിന്റെ കാരണം ബോദ്ധ്യപ്പെടുത്തേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/27.9.2025) മറുപടിയായി അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

## 1-20 മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല

സാമൂഹ്യ ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ടശേഷം അവരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും യഥാസമയം സസ്പെന്റ് ചെയ്യാത്തതിനാൽ മരണശേഷം ഇവരുടെ അക്കൗണ്ടിലേക്ക് പെൻഷൻ തുക ട്രാൻസ്ഫർ ചെയ്യപ്പെട്ടിട്ടുണ്ട്. മരണപ്പെട്ടിട്ടും പെൻഷൻ സസ്പെന്റ്ചെയ്യപ്പെടാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | പെൻഷൻ സ്റ്റാറ്റസ് | മരണ ശേഷം അക്കൗണ്ടിൽ ക്രഡിറ്റായ തുക |
|---|---|---|---|---|---|
| ഭാരതി വി.സി 6/333, എരുത്തിപ്പാട്ട്, പനയ്യൽ, വെട്ടോലിമല, മുട്ടത്തുക്കോണം | 103910100601 | കർഷക തൊഴിലാളി പെൻഷൻ | 01.02.2025 | ആക്ടീവ് | 14400 |
| അച്യുതൻ 7/477, കാഞ്ഞിരം നിൽക്കുന്നതിൽ, മാത്തൂർ | 103910202138 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 31.07.2025 | ആക്ടീവ് | 3200 |
| മറിയാമ്മ മാത്യു 8/265, വേളൂർവടക്കേതിൽ, മാത്തൂർ | 103910600256 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ | 07.02.2025 | ആക്ടീവ് | 14400 |

ക്ഷേമപെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും, ടിയാളുടെ മരണം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിൽ തന്നെ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ, റിപ്പോർട്ട് ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദ് ചെയ്യേണ്ടതാണെന്ന് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ് (സർക്കുലർ നം.എസ്.എഫ്.സി.ബി/71/2017/ധന, തീ.22.09.2017). 22.11.24 തീയതിയിലെ സർക്കുലർ നം.65/2024/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷം അനുവദിക്കുന്ന പെൻഷൻ/കുടിശ്ശിക തുകയ്ക്ക് അനന്തരാവകാശികൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന് വ്യക്തത വരുത്തിയിട്ടുണ്ട്. മരണ ശേഷം ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ ക്രഡിറ്റായ തുക തിരികെ ഈടാക്കുന്നതിന് കത്ത് നല്കിയിട്ടുണ്ടെന്നും ടി ഗുണഭോക്താക്കളുടെ പെൻഷൻ സസ്പന്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക (5/23.09.2025) മറുപടി നൽകിയിട്ടുണ്ട്. അധികമായി നല്കിയ തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 എസ്.എസ്.എ പദ്ധതി അപാകതകൾ

ചെന്നീർക്കര ഗ്രാമപഞ്ചായത്തിൽ 2024-25 വർഷം പ്രഥമദ്ധ്യാപിക, ജി.എൽ.പി.ജി.എസ്, പ്രക്കാനം നിർവ്വഹണ ഉദ്യോഗസ്ഥയായി രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ താഴെ പറയുന്നു-

1.

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | എസ്.എസ്.എ – ജനറൽ (4/25) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രഥമദ്ധ്യാപിക, ജി.എൽ.പി.ജി.എസ്, പ്രക്കാനം |
| വകയിരുത്തൽ | 100000 (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | 100000<br>ട്രഷറി ബിൽ നം. 24050252025901617393/21.3.2025 - 100000 |

പ്രസ്തുത പ്രോജക്ട് പ്രകാരം 100000 രൂപ ബി.ആർ.സി പത്തനംതിട്ടയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത തുക ആവശ്യപ്പെട്ടുള്ള ഡിമാന്റ് നോട്ടീസ്, ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭിച്ചില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (16/27.9.2025) മറുപടിയായി വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത്. പ്രസ്തുത സാക്ഷ്യപത്രത്തിൽ ഇനം തിരിച്ചുള്ള വിവരങ്ങൾ ചേർത്തിട്ടില്ല. വിശദമായ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 100000 രൂപ തടസ്സപ്പെടുത്തുന്നു.

2.

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | എസ്.എസ്.എ – SCP (35/25) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രഥമദ്ധ്യാപിക, ജി.എൽ.പി.ജി.എസ്, പ്രക്കാനം |
| വകയിരുത്തൽ | 350000 (എസ്.സി.പി) |
| ചെലവ് | 350000<br>ട്രഷറി ബിൽ നം. 24050252025901617393/21.3.2025 - 100000 |

പ്രസ്തുത പ്രോജക്ട് പ്രകാരം 350000 രൂപ ബി.ആർ.സി പത്തനംതിട്ടയ്ക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന് ഫണ്ട് വകയിരുത്തി ചെലവഴിച്ചത് ആകെ വിദ്യാർത്ഥികളിൽ പട്ടികജാതി കുട്ടികളുടെ അനുപാതത്തിന്റെ അടിസ്ഥാനത്തിലാണ് വ്യക്തമാകുന്ന രേഖകൾ ഇല്ല. കൂടാതെ, പ്രസ്തുത തുക ആവശ്യപ്പെട്ടുള്ള ഡിമാന്റ് നോട്ടീസ്, ഇനം തിരിച്ചുള്ള വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭിച്ചില്ല. നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/27.9.2025) മറുപടിയായി വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത്. പട്ടികജാതി വിദ്യാർത്ഥികളുടെ അനുപാതം നിർണ്ണയിക്കാതെ എസ്.സി.പി ഫണ്ട് ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുകയായ 350000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 മരാമത്ത് പ്രവൃത്തിയിൽ കാലതാമസം – ഫൈൻ ഈടാക്കിയില്ല

കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകി. പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിനുള്ള കാലതാമസത്തിന് പിഴ ചുമത്തുന്നത് സംബന്ധിച്ച് 1997-ലെ കേരള പഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശമാണ് പാലിക്കേണ്ടത്. പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയ ദീർഘീകരണം ആദ്യ തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം ഏതാണോ കുറവ് അതിൽ അധികരിക്കുവാൻ പാടില്ല. കാലാവധി ദീർഘിപ്പിക്കുന്നതിന് ഒറിജിനൽ കാലാവധിക്കുള്ളിൽ അസി.എഞ്ചിനിയർ മുഖേന അപേക്ഷ നൽകേണ്ടതാണ്. അപ്രകാരം അപേക്ഷ നൽകുന്ന പ്രവൃത്തികളിൽ ആദ്യ തവണ പി.എ.സി-യുടെ 1% നിരക്കിൽ പരമാവധി 50000 രൂപയും ആദ്യ തവണക്ക് ശേഷം 2% നിരക്കിലും പരമാവധി 100000 രൂപ എന്ന ക്രമത്തിലും പിഴ ഈടാക്കേണ്ടതാണ്. പരമാവധി ദീർഘിപ്പിക്കാവുന്ന കാലാവധി ഒറിജിനൽ സമയത്തിന്റെ 50 ശതമാനത്തിൽ അധികരിക്കാവുന്നതല്ല.

2023-24 വർഷം ആരംഭിച്ച നാരങ്ങാട്ടിൽ പടി ഉരുട്ടുവയൽ ഏല റോഡ് പുനരുദ്ധാരണം പ്രോജക്ട് 2024-25 ൽ സ്പിൽ ഓവർ ആക്കിയിരുന്നു. 7 മാസക്കാലയളവിലെ പ്രോജക്ട് പൂർത്തിയാക്കിയത് 11 മാസത്തിന് ശേഷമാണ്. കരാറുകാരനോ, അസിസ്റ്റന്റ് എഞ്ചിനീയറോ ഒപ്പ് വെക്കാത്ത ഒരു അപേക്ഷ ഫോമാണ് കരാർ ദീർഘിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഫയലിലുള്ളത്. കൂടാതെ 26.11.2024 ന് ഉണ്ടാക്കിയ സപ്ലിമെന്ററി എഗ്രിമെന്റിനായി ഉപയോഗിച്ച മുദ്രപത്രം വാങ്ങിയത് 12.12.2024 ൽ ആണെന്ന് കാണുന്നു. പ്രോജക്ട് പൂർത്തിയാക്കുന്നതിൽ ഉണ്ടായ കാലതാമസത്തിന് ഫൈൻ ഈടാക്കിയിട്ടില്ല. പ്രോജക്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S0220/25 |
| പ്രോജക്ടിന്റെ പേര് | നാരങ്ങാട്ടിൽ പടി ഉരുട്ടുവയൽ ഏല റോഡ് പുനരുദ്ധാരണം, വാർഡ് 14 |
| അടങ്കൽ | 500000 (മെയിന്റനൻസ് ഫണ്ട് റോഡ്) |
| ചെലവ് തുക | 500000 |
| പി എ സി | 447002 |

| | |
|---|---|
| ബിൽ നം/തീയതി, തുക | 267/31.12.2024, 211849<br>353/24.02.2025, 288151 |
| കരാർ തീയതി | 76/AE/LID&EW/CHKA തീയതി 13.03.2024 |
| കരാറുകാരൻ | ജിജി വർഗ്ഗീസ് |
| പ്രവൃത്തി പൂർത്തീകരണ കാലയളവ് | 7 മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 20.03.2024 |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 10.02.2025 |

**ഈടാക്കേണ്ട ഫൈനിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.**

| | |
|---|---|
| കരാർ തീയതി | 13.03.2024 |
| പ്രവൃത്തി ആരംഭിച്ച തീയതി/ സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | 20.03.2024 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 19.10.2024 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 10.02.2025 |
| 20.10.2024 മുതൽ 19.01.2025 വരെ ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക (കരാർ തുകയുടെ 1%) | 4470 |
| 20.01.2025 മുതൽ 10.02.2025 വരെ ഈടാക്കേണ്ടിയിരുന്ന ഫൈൻ തുക (കരാർ തുകയുടെ 2%) | 894 |
| ആകെ ഫൈൻതുക | 5364 |

അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19, 29.09.2025) മറുപടി നൽകിയില്ല. ഫൈൻ കൂടാതെ കരാർ കാലാവധി നീട്ടി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കരാറുകാരനിൽ നിന്നും മേൽ കാണിച്ചിരിക്കുന്ന പ്രകാരമുള്ള പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-23 കരാർ വച്ച പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല

2023-24 സാമ്പത്തിക വർഷം ടെണ്ടർ ചെയ്ത് കരാർ വച്ച ചില പ്രവൃത്തികൾ സ്പിൽ ഓവർ ആയി നിലനിർത്തിയിട്ടുണ്ട്. എന്നാൽ 2024-25 സാമ്പത്തിക വർഷവും പ്രവൃത്തി നടപ്പാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. (2023-24) | പ്രോജക്ടിന്റെ പേര് | അടങ്കൽ | എഗ്രിമെന്റ് നം. , തീയതി | കരാറുകാരന്റെ പേര് |
|---|---|---|---|---|
| 90 | FHC യിൽ MCF നിർമാണം | 300000 | 53, 09.01.24 | ഷാജി തോമസ് |
| 74 | മാത്തൂർ – വിലയാനിക്കൽ റോഡ് പുനരുദ്ധാരണംവാർഡ് – 9 | 1000000 | 56, 03.02.24 | സിബി മാത്യു |
| 103 | ഗവ. യു.പി.എസ് ഇമ്പമൺ ഏറം മേൽക്കൂര അറ്റകുറ്റപ്പണി | 2000000 | 79, 13.03.24 | വിനീത് കുമാർ |
| 104 | ജി.എൽ. പി. സ്കൂൾ പ്രക്കാനം അറ്റകുറ്റപണി | 200000 | 48, 09.01.24, | സജി മാത്യു |
| 194 | ഹരിതകർമ്മസേനയുടെ വാഹന പാർക്കിംഗ് ഷെഡ് | 30000 | 51, 09.01.24 | ശ്രീജീവ് ചന്ദ്രൻ |
| 209 | ജി.എൽ.പി.ജി.എസ് പ്രക്കാനം സ്കൂൾ കെട്ടിടത്തിന് പാചകപ്പുരയും അനുബന്ധ സൗകര്യങ്ങൾ | 800000 | 74, 4.03.24 | സിബി മാത്യു |

കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കു ശേഷവും മേൽ പ്രോജക്ടുകൾ നടപ്പിലാക്കാത്തതത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/25.09.2025) മറുപടി ലഭിച്ചു. മേൽ പ്രവൃത്തികളിൽ പ്രോജക്ട് നം. 103/23-24, 209/23-24 എന്നിവ നിലവിൽ നിർവ്വഹണം നടക്കുകയാണെന്നും, ഉടൻ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കരാറുകാർക്ക് പല തവണ നിർദ്ദേശം നൽകിയിട്ടുള്ളതായും അറിയിച്ചു. കരാർ പ്രകാരമുള്ള സമയപരിധി പാലിക്കാതെ പ്രവൃത്തിയിൽ കാലതാമസം

വരുത്തുന്നതിന് കരാറുകാർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവൃത്തികൾ പൂർത്തീകരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-24 നെൽ കൃഷി വികസനം- നടപടിക്രമങ്ങൾ പാലിച്ചില്ല

| പ്രോജക്ടിന്റെ പേര്, നം. | നെൽകൃഷി വികസനം(New), 41/25 | നെൽകൃഷി വികസനം(SO), 168/25 |
|---|---|---|
| അടങ്കൽ | 1391500 | 1227600 |
| ചെലവ് | 1040610 | 777600 |
| ബിൽ നം.,/ തീയതി | | 24050252014200170240, 16.05.2024 |
| | 24050252014201184304, 16.01.2025 | 24050252014200170236, 16.05.2024 |
| | 24050252014201188955, 17.01.2025 | 24050252014200170234, 16.05.2024 |
| | 24050252014201460013, 07.03.2025 | 24050252014200168055, 16.05.2024 |
| | 24050252014201017983, 12.12.2024 | 24050252014200170249, 16.05.2024 |
| | | 24050252014200350357, 02/07/2024 |

കൃഷി ഓഫീസർ നിർവഹണം നടത്തിയ നെൽകൃഷി വികസനം-SO, New എന്നീ പദ്ധതിളിലായി 1818210 രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലെ 63.25 ഹെക്ടർ സ്ഥലത്ത് നെൽ കൃഷി നടത്തുന്നതിനാണ് തുക അനുവദിച്ചിട്ടുള്ളത്. നെൽ കൃഷിക്ക് ഹെക്ടറിന് 25000രൂപയാണ് പരമാവധി സബ്സിഡി അനുവദിക്കാവുന്നത്. പ്രസ്തുത പദ്ധതിയിൽ വിത്തിന് 100 ശതമാനം സബ്സിഡിയും കൂലിചെലവിന് പരമാവധി 18000 രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. സ.ഉ (കൈ) നം. 115/2022/ ത.സ്വ.ഭ.വ തീയതി 28/05/2022 സബ്സിഡി മാർഗ്ഗരേഖയിലെ ഖ 6.1.4.3 പ്രകാരം സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്. എന്നാൽ ഗുണഭോക്താക്കളുടെ അപേക്ഷയിൽ സ്ഥല വിസ്തൃതി പരിശോധിച്ച് കൃഷി അസിസ്റ്റന്റ്/കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്ഥല വിസ്തൃതി സംബന്ധിച്ച് ഫീൽഡ് പരിശോധന നടത്തി തുക അനുവദിക്കാതിരുന്നതിന്റെ കാരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി(നം.21/29.09.2025) നല്കിയിരുന്നു. ഇതിന് മറുപടിയായി സ്ഥല പരിശോധന നടത്തി ഓരോ കർഷകനും കൃഷി ചെയ്യുന്ന വിസ്തൃതി തീരുമാനിച്ചതിന് ശേഷമാണ് നെൽവിത്ത് വിതരണം ചെയ്തതെന്നും ടി സ്ഥലത്ത് കൃഷി ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയ ശേഷമാണ് കൂലി ചെലവ് സബ്സിഡി അനുവദിച്ചതെന്നും അപേക്ഷകളിൽ സാക്ഷ്യപ്പെടുത്തൽ വരുത്താൻ വിട്ടുപോയതാണെന്നും ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. നടപടി ക്രമങ്ങൾ പാലിച്ച് മാത്രം പദ്ധതി നിർവഹണം നടത്തേണ്ടതും വരും വർഷങ്ങളിലെ പദ്ധതി നടത്തിപ്പിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-25 വായ്പയിനത്തിൽ പഞ്ചായത്ത് അധിക തുക ഒടുക്ക് വരുത്തി

ലൈഫ് ഭവന പദ്ധതിയുടെ നടത്തിപ്പിനായി KURDFC-യിൽ നിന്നും പഞ്ചായത്ത് വിവിധ വർഷങ്ങളായി ആകെ 34 കോടി രൂപ വായ്പ എടുത്തിട്ടുണ്ട്. വായ്പയുടെ തിരിച്ചടവ് പഞ്ചായത്തിന് ലഭിക്കുന്ന വികസന ഫണ്ടിൽ (ജനറൽ, എസ്.സി.പി) നിന്നും സർക്കാർ നേരിട്ട് (Source Deduction) കറവ് ചെയ്യുകയാണ്. 2018-19 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ വായ്പ തിരിച്ചടവിൽ പഞ്ചായത്ത് അധികം തുക ഒടുക്ക് വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു-

| വർഷം | വായ്പ തുക | വായ്പ തിരിച്ചടവ് (Source Deduction) | | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | ജനറൽ | എസ്.സി.പി | ആകെ | |
| 2018-19 | 440000 | - | - | - | 440000 |
| 2019-20 | - | 117646 | - | 117646 | 322354 |
| 2020-21 | - | 117020 | 73294 | 190314 | 132040 |
| 2021-22 | - | 513333 | 264000 | 777333 | -645293 |
| 2022-23 | - | 388831 | 814820 | 1203651 | -1848943 |
| 2023-24 | 520000 | 388830 | 814820 | 1203650 | -683650 |
| 2024-25 | 2440000 | 759503 | 154422 | 913925 | 1526075 |
| | 3400000 | 2285163 | 2121356 | 4406519 | -1006519 |

ലൈഫ് ഭവന പദ്ധതിയ്ക്ക് HUDCO-യിൽ നിന്നും 4140000 രൂപ വായ്പ ലഭിച്ചിട്ടുണ്ടെങ്കിലും ആയതിൽ നിന്നുള്ള തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

## 1-26 കേന്ദ്ര വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നില്ല

അംഗൻവാടി പോഷകാഹാര പദ്ധതിയ്ക്കായി കേന്ദ്ര കേരള സർക്കാരുകൾ 50:50 അനുപാതത്തിൽ വകയിരുത്തുന്നത്. 2020-21 വരെ കേന്ദ്ര വിഹിതത്തിൽ ബാക്കിയുണ്ടായിരുന്ന 1651105 രൂപ 2024-25 അവസാനിപ്പോൾ 4354881 രൂപയായി വർദ്ധിച്ചിരിക്കുന്നു. 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ കേന്ദ്ര വിഹിതം മേൽപദ്ധതിക്കായി ലഭിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മുന്നിരിപ്പ് | കേന്ദ്ര വിഹിതം ലഭിച്ചത് | ആകെ | കേന്ദ്ര വിഹിതം ചെലവഴിച്ചത് | ബാലൻസ് |
|---|---|---|---|---|---|
| 2021-22 | 1651105 | 965638 | 2616743 | 726105 | 1890638 |
| 2022-23 | 1896038 | 1178688 | 3069326 | 339156 | 2730170 |
| 2023-24 | 2730170 | 1471130 | 4201300 | 740065 | 3461235 |
| 2024-25 | 3461235 | 1526728 | 4987963 | 633082 | 4354881 |

കേന്ദ്ര വിഹിതത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തുക ഉപയോഗിച്ച് അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ വിനിയോഗിക്കാവുന്നതാണ്. പഞ്ചായത്തിലെ ആകെയുള്ള 21 അംഗൻവാടികളിൽ 8 എണ്ണത്തിന് മാത്രം സ്വന്തമായി കെട്ടിടമുള്ളൂ. പ്രസ്തുത അംഗൻവാടികൾക്ക് സ്ഥലം കണ്ടെത്തി സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനും ചെലവഴിക്കാത്ത കേന്ദ്ര ഫണ്ട് ഉപയോഗിക്കാവുന്നതാണ്. വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 ആയുർവേദ ആശുപത്രിക്ക് മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

2023-24 സാമ്പത്തിക വർഷം ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 100000 രൂപ ആയുർധാര ഫാർമസ്യൂട്ടിക്കൽസിന് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | S0002/25, ഗവ ആയുർവേദ ആശുപത്രിക്ക് സ്ത്രീ രോഗ ചികിത്സക്ക് ആവശ്യമായ മരുന്ന് വാങ്ങൽ |
| ആകെ അടങ്കൽ | 100000 (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 100000 |
| ബിൽ നം., തീയതി | 232, 13.12.2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ആയുർവേദം |

നാളിതുവരെ ആകെ 72294 രൂപയുടെ മരുന്നുകളാണ് മേൽ പ്രോജക്ടിന്റെ ഭാഗമായി ലഭിച്ചിട്ടുള്ളത്. മരുന്ന് ലഭിച്ച ഇൻവോയിസുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം., തീയതി | തുക |
|---|---|
| G000025, 11.06.2025 | 7855 |
| G000226, 30.01.2025 | 64439 |

ബാക്കി 27706 രൂപയുടെ മരുന്ന ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/29.09.2025) മറുപടി ലഭിച്ചില്ല. മരുന്ന് ലഭ്യമായതിന്റെ രേഖകൾ ഓഡിറ്റിന് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-28 പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC) യോഗം ചേർന്നില്ല

ചെന്നീർക്കര പഞ്ചായത്തിൽ എഫ്.എച്ച്.സിയുടെ (എഫ്.എച്ച്.സി, ഊന്നുകൽ) നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ യൂണിറ്റുമായി ബന്ധപ്പെട്ട്, 2024-25 സാമ്പത്തിക വർഷത്തിൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC) യോഗം ചേരുകയോ പ്രവർത്തന അവലോകനം നടത്തുകയോ ചെയ്തിട്ടില്ല.

സ.ഉ (സാധാ) നമ്പർ 553/2019/ത.സ്വ.ഭ.വ തീയതി 07.03.2019 പ്രകാരമുള്ള പാലിയേറ്റീവ് കെയർ മാർഗനിർദേശങ്ങളിലെ ഖണ്ഡിക 2.9.2 അനുസരിച്ച്, PMC രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണം ഇടവേളകളിലോ യോഗം ചേർന്ന പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും, ഓരോ മാസത്തെയും പ്രവർത്തന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. അതുപോലെ, ഖണ്ഡിക 2.9.3 പ്രകാരം, ഓരോ മാസവും ആരോഗ്യപ്രവർത്തനങ്ങളുടെ അവലോകനം പഞ്ചായത്തുതലത്തിൽ നടത്തേണ്ടതുമുണ്ട്.

PMC 2024-25 സാമ്പത്തിക വർഷത്തിൽ ഈ നിർദേശങ്ങൾ പാലിക്കപ്പെട്ടില്ല എന്നു മാത്രമല്ല ആവശ്യമായ

അവലോകനങ്ങളും അംഗീകരണങ്ങളുമില്ലാതെ പ്രവർത്തനം തുടരുകയും ചെയ്യു. ഇത് സ്ഥാപനത്തിന്റെ കാര്യക്ഷമതയെ ബാധിക്കുന്നതാണ്.

PMC-യുടെ യോഗങ്ങൾ നിശ്ചിത സമയങ്ങളിൽ വിളിച്ചു ചേർക്കുകയും, അവലോകന യോഗങ്ങളിലൂടെ ലഭിക്കുന്ന നിർദേശങ്ങളും അഭിപ്രായങ്ങളും പൂർണമായി ഉൾക്കൊണ്ടുകൊണ്ട് പാലിയേറ്റീവ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-29 സ്പെസിഫിക് പർപസ് ഫണ്ടുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു

അക്കൗണ്ട്സ് പ്രകാരം ചുവടെ പറയുന്ന പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾ (Special Purpose Funds) ചെലവഴിക്കാതെ അവശേഷിക്കുന്നു. മുൻവർഷങ്ങളിലും ചെലവഴിക്കാത്തതിനാൽ നീക്കിയിരിപ്പ് തുക മാറ്റമില്ലാതെ തുടരുകയാണ്.

| ഇനം | ഫണ്ടിന്റെ പേര് | തുക | ചെലവഴിച്ചിട്ടില്ലാത്ത കാലയളവ് |
|---|---|---|---|
| 320100105 | അവാർഡ്സ് ആന്റ് ഹോണേഴ്സ്- സെൻട്രൽ ഗവൺമെന്റ് (ആർദ്രം മിഷൻ) | 1057975 | 3 വർഷം |
| 320100139 | നാഷണൽ ഹെൽത്ത് മിഷൻ | 500000 | 2 വർഷം |

ആരോഗ്യ മേഖലയിൽ വിനിയോഗിക്കേണ്ട ടി ഫണ്ടുകൾ പ്രയോജനപ്രദമായി വിനിയോഗിക്കേണ്ടതാണ്.

## 1-30 ജലജീവൻ പദ്ധതി

എല്ലാ ഗ്രാമീണ വീടുകളിലും വ്യക്തിഗത ഭവന കുടിവെള്ള കണക്ഷനിലൂടെ സുരക്ഷിതവും മതിയായതുമായ കുടിവെള്ളം 2024 ഓടെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ജലജീവൻ മിഷൻ പദ്ധതി. ഇതിലൂടെ ജലസംരക്ഷണം, മഴവെള്ള സംഭരണം, റീചാർജ് ചെയ്യൽ, പുനരുപയോഗം തുടങ്ങിയ കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

ജലജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്

- ഓരോ ഗ്രാമീണ ഭവനത്തിലും വ്യക്തിഗത ഭവന കുടിവെള്ള കണക്ഷൻ (Functional Household Tap Connection - FHTC) നൽകുക.
- ജലത്തിന്റെ സുസ്ഥിരത ഉറപ്പാക്കുക.
- ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക
- ജലവുമായുള്ള കമ്മ്യൂണിറ്റി സമീപനം പ്രോത്സാഹിപ്പിക്കുക
- വിവരവിനിമയം, വിദ്യാഭ്യാസം, ആശയവിനിമയം എന്നിവയിലൂടെ ബോധവൽക്കരണം നടത്തുക

ഗ്രാമീണ കുടുംബങ്ങൾ മാത്രമല്ല, പൊതുസ്ഥാപനങ്ങളായ സ്കൂളുകൾ, അംഗനവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, വെൽനസ് സെന്ററുകൾ തുടങ്ങിയവയും മതിയായ പരിഗണന പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഗ്രാമപഞ്ചായത്തിലെ Functional Household Tap Connection (FHTC) പ്രവർത്തനങ്ങൾക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി-പത്തനംതിട്ടയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും മൂന്നാം കക്ഷിയായി ചെന്നീർക്കര ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസും തമ്മിലുള്ള ത്രികക്ഷി കരാർ 21.10.2021-ൽ ഒപ്പുവച്ചിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായ 141164000 രൂപയുടെ 45% കേന്ദ്ര ഗവൺമെന്റ് വിഹിതവും 30 % സംസ്ഥാന ഗവൺമെന്റ് വിഹിതവും 15% ഗ്രാമപഞ്ചായത്ത് വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമാണ്. പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി വകയിരുത്തിയിരിക്കുന്നത് 42349078 രൂപയാണെങ്കിലും തുകയൊന്നും നിലവിൽ നൽകിയിട്ടില്ല.

ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രധാന പ്രവൃത്തികൾ താഴെ പറയുന്നവയാണ്-

എ) ഉമ്മിണിക്കാവിൽ നിന്നുള്ള വിതരണ ശൃംഖല സ്ഥാപിക്കൽ (സോൺ - 1)

ബി) നാഗവര മുരുപ്പ് ഭാഗത്തു നിന്നുള്ള വിതരണ ശൃംഖല സ്ഥാപിക്കൽ (സോൺ - 2)

സി) മഞ്ഞിനിക്കരയിൽ നിലവിലുള്ള 5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കിൽ നിന്നുള്ള വിതരണ ശൃംഖല സ്ഥാപിക്കൽ (സോൺ - 3)

കൂടാതെ, 4510 ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ നൽകാനും റോഡ് റസ്റ്റോറേഷൻ പ്രവൃത്തികളും എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി കുമ്മിണിക്കാവ് പ്രദേശത്ത് 11.50 MLD പ്ലാന്റും പമ്പും നിർമ്മിക്കുന്നതിന് 1.25 ഏക്കർ സ്ഥലം ലഭ്യമാക്കാൻ കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിരുന്നെങ്കിലും ഈ വിഷയത്തിൽ അനുകൂലമായ നടപടികൾ

പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. വാട്ടർ ടാങ്കും മോട്ടോറും സ്ഥാപിക്കുന്നതിനായി നാഗരുമുരുപ്പ് ഭാഗത്ത് സ്ഥലം വാങ്ങിയിട്ടുണ്ടെങ്കിലും വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഇതുവരെ 87 കിലോമീറ്റർ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്ഥാപിക്കുന്നതിന് ഇളക്കിയ റോഡുകളെല്ലാം തന്നെ പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത്.

ധനകാര്യ വകുപ്പിന്റെ 10.8.2020-ലെ സ.ഉ (സാധാ) 4584/2020/ധന. ഉത്തരവ് പ്രകാരം ജലജീവൻ പദ്ധതിയിൽ പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃവിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾ എം.എൽ.എ മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സാധ്യത ഗ്രാമപഞ്ചായത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്.

ജലജീവൻ മിഷൻ പ്രവർത്തനങ്ങൾക്കായി വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. ഗ്രാമപഞ്ചായത്ത്, വാട്ടർ അതോറിറ്റി, പി.ഡബ്ല്യു.ഡി വകുപ്പുകളുടെയും കുടുംബശ്രീയുടെയും സംയുക്ത ശ്രമഫലമായി മാത്രമെ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. മോണിറ്ററിംഗ് സംബന്ധമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും ഫലപ്രാപ്തി സംബന്ധിച്ചുമുള്ള വിവരങ്ങൾ ലഭ്യമല്ല. എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ഒരു സമഗ്ര ഇടപെടൽ ആവശ്യമാണ്.

## 1-31 ഹെൽത്ത് ഗ്രാന്റ് വിനിയോഗം

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡിസ്പെൻസറികളുമുൾപ്പെടെയുള്ള ആരോഗ്യ-ശുചിത്വ മേഖല, കുടുംബ ക്ഷേമം മുതലായവ പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021 ലെ OM No. 15(2) FC-XV / FCD/20-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

ഗ്രാമീണ മേഖല

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം.

2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

4. സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

നഗര പ്രദേശം

5. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ

മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 09-12-2021-ലെ സ.ഉ.(പി) നം.169/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യ വകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

സ.ഉ.(സാധാ)നം.2132/2022/തസ്വഭവ, തീ.31.08.2022 നമ്പർ ഉത്തരവ് പ്രകാരം 2021-22-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സ.ഉ.(സാധാ)നം.1625/2023/ തസ്വഭവ, തീ. 09.08.2023 നമ്പർ ഉത്തരവ് പ്രകാരം 2022-23-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സ്കീം-1, സ്കീം-3, സ്കീം-4 എന്നിവ പ്രകാരമുള്ള ഗ്രാന്റും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. 05-07-2022-ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN.11134/2021-J1(DP) നമ്പർ നടപടിക്രമങ്ങൾ പ്രകാരം സ്കീം - 3 പ്രകാരമുള്ള രോഗനിർണ്ണയ സൗകര്യങ്ങൾക്കായും സ്കീം-4 പ്രകാരമുള്ള ഹെൽത്ത് & വെൽനെസ്സ് സെന്റർ എന്നിവയ്ക്കുള്ള അധിക തുകയും അനുവദിച്ചിട്ടുണ്ട്.

ചെന്നീർക്കര ഗ്രാമപഞ്ചായത്തിന് സ്കീം-1 പ്രകാരം തുകയൊന്നും ലഭിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ലഭിച്ച ഹെൽത്ത് ഗ്രാന്റ് 2022-23 | 2023-24 | 2024-25 | **ആകെ** | ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് 2022-23 | 2023-24 | 2024-25 | **ആകെ** | ബാലൻസ് |
|---|---|---|---|---|---|---|---|---|---|---|
| 1 | സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (KL-278) | 268341 | 807836 | 344826 | **1421003** | 222105 | 173490 | 638015 | 1033610 | 387393 |
| 2 | സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ(KL-281) | 136927 | 340483 | 542266 | **1019676** | 134951 | 0 | 327664 | 462615 | 557061 |
| | ആകെ | 405268 | 1148319 | 887092 | **2440679** | 357056 | 173490 | 965679 | **1496225** | 944454 |

ചെന്നീർക്കര ഗ്രാമപഞ്ചായത്തിലെ കുടുംബ ആരോഗ്യകേന്ദ്രത്തിന്റെ കീഴിൽ 5 ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഒരെണ്ണം ആരോഗ്യകേന്ദ്രത്തിനോട് ചേർന്നുള്ള മെയിൻ സെന്ററാണ്. തുമ്പമൺ-ഏറം, പ്രക്കാനം, മുറിപ്പാറ, മാത്തൂർ എന്നിവിടങ്ങളിൽ മറ്റ് സബ്സെന്ററുകൾ പ്രവർത്തിക്കുന്നു. പ്രൈമറി ഹെൽത്ത് സെന്ററിൽ ലാബ് സൗകര്യമുണ്ടെങ്കിലും സബ്സെന്ററുകളിൽ ലാബ് സൗകര്യമില്ല. റീ-ഏജന്റുകൾ ആവശ്യമില്ലാത്ത ടെസ്റ്റുകൾ (കാർഡ് ടെസ്റ്റുകൾ) സബ്സെന്ററുകളിൽ നടത്തുന്നുണ്ട്. പ്രക്കാനം, മുറിപ്പാറ എന്നീ സബ്സെന്ററുകൾ വാടക മുറികളിലാണ് പ്രവർത്തിക്കുന്നത്. മാത്തൂർ സബ്സെന്റർ പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിൽ വാടക രഹിതമായി പ്രവർത്തിക്കുന്നു.

**ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആവിഷ്കരിച്ച പദ്ധതികളുടെ വിവരം**

സ്കീം 3 – ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേരും, നമ്പരും | വകയിരുത്തിയ തുക | ചെലവഴിച്ച തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| | 2022-23 | | | |
| 1 | ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ -178/23 | 264733 | 222105 | മെഡിക്കൽ ഓഫീസർ |
| 2 | ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ 179/23 | 135000 | 134951 | " |
| | | | 357056 | |
| | 2023-24 | | | |
| 3 | ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ 168/24 | 42628 | 42628 | " |
| 4 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 782000 | 130862 | " |

| | | | | |
|---|---|---|---|---|
| | 204/24 | | | |
| | | | 173490 | |
| | 2024-25 | | | |
| 5 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ 293/25 | 651138 | 638015 | " |
| 6 | ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ 215/25 | 336000 | 327664 | " |
| | | | 965679 | |

ഹെൽത്ത് ഗ്രാന്റ് ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയ്ക്കാണ് കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളത്. പരിശീലന/ബോധവൽകരണ ക്ലാസുകൾ നടത്തിയിട്ടില്ല. സ്കീം-3, സ്കീം-4 എന്നിവയ്ക്കായി ആകെ ലഭിച്ച **24.40** ലക്ഷം രൂപയിൽ **14.96** ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 9.4 ലക്ഷം രൂപ നിലവിൽ അവശേഷിക്കുന്നുണ്ട്. സ്കീം 1 പ്രകാരം തുക ലഭ്യമാക്കാത്തത് മൂലം 2 ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല. തദ്ദേശ സ്വയംഭരണ (എഫ്.എം.)നം.3/138/2023, തീ. 23.05.2023 നമ്പർ സർക്കുലർ പ്രകാരം സ്ഥലമില്ലാത്ത ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അഞ്ച് സെന്റിൽ കുറയാതെയുള്ള സ്ഥലം തദ്ദേശ സ്ഥാപനം ലഭ്യമാക്കാവുന്നതായിരുന്നു. വികസന ഫണ്ട് (ജനറൽ), തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് സ്ഥലം വാങ്ങാവുന്നതാണ്.

ഹെൽത്ത് ഗ്രാന്റ് അനുവദിച്ചതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കായി തുക ചെലവഴിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അധികമായി സ്കോളർഷിപ്പ് നൽകിയത് തിരികെ ഈടാക്കണം

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നമ്പർ | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് (73/25) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| വകയിരുത്തൽ | 661500 (വികസന ഫണ്ട്- ജനറൽ)<br>297750 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>297750 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>661500+100000+297750 = 1059250 |
| ചെലവ് | ട്രഷറി ബിൽ നം. 24050252014801018059/11.12.2024 - 362000<br>ട്രഷറി ബിൽ നം. 24050252014801093686/27.12.2024 - 233500<br>ട്രഷറി ബിൽ നം. 24050252014801152724/9.1.2025 – 100000<br>ട്രഷറി ബിൽ നം. 24050252014801341485/17.2.2025 – 297750<br>ട്രഷറി ബിൽ നം. 24050252014801460401/7.3.2025 - 66000 |

സ.ഉ (കൈ.) 115/2022/ത.സ്വ.ഭ.വ തീയതി 28.5.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.16 (ബി) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്/

ത്തയുടെ നിരക്ക് ചുവടെ പറയും വിധത്തിലാണ്-

| ക്രമ നം. | ഇനം | നിരക്ക് |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 1500 |
| 3 | പഠനസഹായി/ വിദ്യാഭ്യാസ സാമഗ്രികൾ (വാർഷികം) | 2000 |
| 4 | ഡേ സ്കോളർക്ക് യാത്രബത്ത (പ്രതിമാസം) | 1000 |
| 5 | ഉല്ലാസയാത്ര പഠന പര്യടനം മുതലായവയ്ക്കുള്ള ബത്ത (വാർഷികം) | 1000 |

മേൽ പട്ടിക പ്രകാരം ഒരു ഡേ സ്കോളറിന് ഒരു വർഷം പരമാവധി ലഭിക്കാവുന്ന തുക 28500 രൂപയാണ്. എന്നാൽ, കെവിൻ ഇസഡ് കര്യാക്കോസ് എന്ന വിദ്യാർത്ഥിക്ക് അധികം തുക നൽകിയിട്ടുണ്ട്. ടിയാൾക്ക് നല്കിയ തുകയുടെ വിവരം താഴെ ചേർക്കുന്നു-

| ട്രഷറി ബിൽ നം. | തുക |
|---|---|
| 24050252014801093686/27.12.2024 | 9500 |
| 24050252014801152724/9.1.2025 | 4000 |
| 24050252014801341485/17.2.2025 | 3250 |
| 24050252014801460401/7.3.2025 | 15000 |
| ആകെ നൽകിയത് | 31750 |

അധികമായി **3250** രൂപ നൽകിയതിന്റെ കാരണം ബോദ്ധ്യപ്പെടുത്തേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/27.9.2025) മറുപടിയായി അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് വിവരങ്ങൾ

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 17 | 103000 | 103000 | 0 | - |

*01-04-2024 മുതൽ 31-03-2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | - | ഇല്ല | ഇല്ല | ഇല്ല | - |

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-07-2024 -31-7-24 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല | - |

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ

ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കടിശ്ശിക ഉൾപ്പടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | - | ഇല്ല | ഇല്ല | ഇല്ല | - |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 27.9.2025 & 28.9.2025 | കെ.എസ്.എ.പിറ്റിഎ.പി5-1193/25 തീയതി. 29.10.2025 |

## 4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 58500 | കൃഷി - സംരക്ഷണ വേലി നിർമ്മാണം (172/25) | 58500 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 46200 | കൃഷി - സംരക്ഷണ വേലി നിർമ്മാണം (49/25) | 46200 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 275000 | നെൽകൃഷി വികസനം (168/25) | 275000 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 210000 | നെൽകൃഷി വികസനം (41/25) | 210000 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 102000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (267/25) | 102000 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (73/25) | 100000 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 320000 | ലൈഫ് ഭവന പദ്ധതി ജനറൽ (31/25) | 320000 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 220000 | ലൈഫ് പദ്ധതി - എസ്.സി.പി (177/25) | 220000 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 141000 | പാലിന് സബ്സിഡി (9/25) | 141000 | 0 |
| ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | 6217 | പാലിന് സബ്സിഡി (164/25) | 6217 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 78000 | കൃഷി - സംരക്ഷണ വേലി നിർമ്മാണം (172/25) | 78000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 230610 | നെൽകൃഷി വികസനം (41/25) | 230610 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 600000 | സാന്ത്വന പരിചരണം (20/25) | 600000 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 297750 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (73/25) | 297750 | 0 |
| പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 840000 | ലൈഫ് ഭവന പദ്ധതി ജനറൽ (31/25) | 840000 | 0 |

## 4-4 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | സ്ട്രീറ്റ് മെയിൻ നീട്ടൽ വിവിധ വാർഡുകളിൽ(171/25) | 535685 | 0 | 535685 |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ നീട്ടൽ(308/25) | 460827 | 0 | 460827 |

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | KURDFC | 2444000 | ഇല്ല | 913925 | - | 1530075 |
| ലൈഫ് ഭവന പദ്ധതി | HUDCO | 4140000 | ഇല്ല | - | - | 4140000 |

***ഗ്രാമപഞ്ചായത്തിന് ലൈഫ് പദ്ധതി വായ്പയിനത്തിൽ KURDFC-യിൽ നിന്നും 2018-19 മുതൽ 2024-25 വരെ **3400000** രൂപയുടെ വായ്പ ലഭിച്ചിട്ടുണ്ട്, എന്നാൽ Source Deduction ആയി **4406519** രൂപ തിരികെ ഒടുക്കിയിട്ടുണ്ട്.*

## 4-6 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-7 സ്ഥിര നിക്ഷേപം

ഇല്ല

## 4-8 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5000 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രസീത് നമ്പർ, തീയതി |
|---|---|---|---|---|
| 2023-24 | 1-25 | 5000 | ശ്രീ. സജി മാത്യു, കരാറുകാരൻ | 1240103750/13.2.2025 |

*** പ്രക്കാനം ജി.എൽ.പി.എസ്-ടോയിലറ്റ് നിർമ്മാണം (178/24) എന്ന പ്രവൃത്തി കരാറുകാരനായ ശ്രീ. സജി മാത്യു ഫൈനിനത്തിൽ 15783 രൂപ ഒടുക്ക് വരുത്തേണ്ടതായിരുന്നു.*

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | അനുബന്ധം 3 | വസ്തു നികുതി കൃത്യമായി ഈടാക്കുന്നില്ല. | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി ഈടാക്കുന്നില്ല. | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി ഈടാക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-1 | 2016-17 | അനുബന്ധം 6 | വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നില്ല. | പരാമർശം നിലനിൽക്കുന്നു |

## 4-10 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡീച്ചർ പ്രകാരം |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 64405388 | 137043735 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44121194 | 136591406 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3250 | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 450000 | |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക ചാർജ്ജ് സർചാർജ്ജ് | ഉത്തരവാദിയായ ആളിന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3250 | ശ്രീമതി ഷിഫ എസ്. സെയിഫ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| **ആകെ** | **3250** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21(1) | 100000 | ശ്രീമതി സൂസമ്മ വർഗ്ഗീസ്, |
| 1-21(2) | 350000 | പ്രധാനാദ്ധ്യാപിക, ജി.എൽ.പി.ജി.എസ്, പ്രക്കാനം |
| **ആകെ** | **450000** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷിഫ എസ്. സെയിഫ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ചെന്നീർക്കര ഗ്രാമപഞ്ചായത്ത് | പ്ലാവിള വീട്, വേളമാനൂർ പി.ഒ, പാരിപ്പള്ളി, കൊല്ലം ജില്ല - 691574 |
| ശ്രീമതി സൂസമ്മ വർഗ്ഗീസ്, പ്രധാനാദ്ധ്യാപിക, ജി.എൽ.പി.ജി.എസ്, പ്രക്കാനം | പ്രധാനാദ്ധ്യാപിക, ജി.എൽ.പി.ജി.എസ്, പ്രക്കാനം | തെക്കേപുരയിടത്തിൽ, ചീങ്കൽതടം പി.ഒ, പത്തനംതിട്ട ജില്ല 689671 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2006-07 | എൽ.എഫ്.പിറ്റിഎപി.6-553/11 തീയതി 18.3.2011 | 4 |
| 2007-08 | എൽ.എഫ്.പിറ്റിഎ.പി.6-420/11 തീയതി 13.12.2011/ 13.5.2013 | 6 |
| 2009-10 & 2010-11 | എൽ.എഫ്.പിറ്റിഎപി.12-513/13 തീയതി 30.11.2013 | 2 |
| 2011-12 | എൽ.എഫ്.പിറ്റിഎപി.12-514/13 തീയതി 30.11.2013/ 7.6.2014 | 1 |
| 2014-15 | കെ.എസ്.എ.പിറ്റിഎ.പി5-609/16 തീയതി 3.6.2016 | 4 |
| 2015-16 | കെ.എസ്.എ.പിറ്റിഎ.പി5-1209/16 തീയതി 5.11.2016 | 3 |
| 2016-17 | കെ.എസ്.എ.പിറ്റിഎ.പി5-820/17 തീയതി 22.7.2017 | 1 |
| 2017-18 | കെ.എസ്.എ.പിറ്റിഎ.പി5-1534/18 തീയതി 13.12.2018 | 3 |
| 2018-19 | കെ.എസ്.എ.പിറ്റിഎ.പി5-917/19 തീയതി 3.12.2019 | 10 |
| 2019-20 | കെ.എസ്.എ.പിറ്റിഎ.പി5-278/21 തീയതി 12.5.2021 | 8 |
| 2020-21 | കെ.എസ്.എ.പിറ്റിഎ.പി5-459/22 തീയതി 11.5.2022 | 4 |
| 2021-22 | കെ.എസ്.എ.പിറ്റിഎ.പി5-1276/22 തീയതി 12.12.2022 | 9 |
| 2022-23 | കെ.എസ്.എ.പിറ്റിഎ.പി5-1144/24 തീയതി 17.12.2024 | 15 |
| 2023-24 | കെ.എസ്.എ.പിറ്റിഎ.പി5-989/24 തീയതി 7.10.2024 | 20 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 10-07-2025 and submitted on 18-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the CHENNEERKKARA Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of CHENNEERKKARA Grama Panchayat as on 31-03-2025

**Date: 29/10/2025**

**Deputy Director**
**District Office Pathanamthitta**
**Kerala State Audit Department**

# Audit Report appended to the Audit Certificate of CHENNEERKKARA Grama Panchayat for the Year 2024-2025 .

**1.Major Observations**

1. The asset value shown in the Balance sheet is not traceable to the asset register due to the unsupported design of the existing asset register.

**2.Other Observations**

1. Cash Flow Statement - The net increase in cash flow does not match with the difference between the

opening balance and closing balance of cash and cash equivalents.

2. Lapses in making timely and accurate demand entries in respect of tax and non tax revenue.

3. The accuracy of the amount recorded under the head capital work in progress is not reliable.
4. The deposited amount has been shown as capital expenditure without obtaining a utilization certificate.
5. The liability amount of the secured loan has not been included under prepaid expenses.
6. Secured Loan liability amount is not included in prepaid expenses.
7. Depreciation value given to items for which asset value is not recorded.
8. Total sanitation scheme revenue amount recorded incorrectly.
9. The journal entries lack proper supporting documentation.
10. CFC Award receipts and expenditures not reconcile with the figures in the annual financial statements.

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

പത്തനംതിട്ട ജില്ലയിലെ ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്